**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1132

05-03-2018 -ൽ മറുപടിക്ക്

**റോഡുപണികളുടെ കരാർ തുക**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് കാലവർഷക്കെടുതി മൂലം തകരാറിലായ റോഡുകളുടെ കരാർ എടുത്ത് പണികൾ ചെയ്ത വകയിൽ കിട്ടാനുള്ള തുക കിട്ടുന്നില്ല എന്ന പരാതി പരിഹരിക്കാൻ വകുപ്പിന്റെ ഭാഗത്തു നിന്നും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) | 22/02/2018-ന് റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാലവർഷക്കെടുതി മൂലം തകരാറിലായ റോഡുകളുടെ പണി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| ബി) | എത്ര മാസത്തെ പണികളുടെ തുകയാണ് ഇനിയും കൊടുത്തു തീർക്കാൻ ഉള്ളത് എന്നും ഇവ എന്നേക്ക് കൊടുത്തു തീർക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ. | ബി) & സി) | വിവരം ശേഖരിച്ചു വരുന്നു |
| സി) | 2017-18 സാമ്പത്തിക വർഷം എത്ര രൂപയുടെ പണികളാണ് സംസ്ഥാനത്ത് അനുവദിച്ചത്; ഇതിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം വ്യക്തമാക്കാമോ; | | |
| ഡി) | ഈ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ? | ഡി) | സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമായ ഉടൻ തന്നെ ജില്ലാ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി എന്നിവയുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ അതാത് എഞ്ചിനീയറിംഗ് വിഭാഗത്തിനും ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന പ്രവൃത്തികൾ ബന്ധപ്പെട്ട പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനും അയച്ചു നൽകുകയും ഇതിന്മേൽ എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ ടി പ്രവൃത്തിക്ക് നിർവ്വഹണാനുമതി നൽകുന്നതും പണി പൂർത്തീകരിച്ച് ബിൽ തുക സമർപ്പിക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ ബിൽ തുക അനുവദിച്ച് നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ